# Musiris Musings

THE MAGIC OF ROTARY

Club No. :15856 WEEKLY NEWS BULLETIN OF ROTARY CLUB OF KODUNGALLUR RI District : 3201




Weekly meeting on 12.07.2024




Club Speaker Rtn. C.S. Mohanan

12.07.2024 വെള്ളിയാഴ്ച പ്രസിഡന്റ് Rtn. ടി.എൽ. സത്യന്റെ അധ്യക്ഷതയിൽ വൈകീട്ട് 8.05ന് മീറ്റിംഗ് ആരംഭിച്ചു.

സർജന്റ് അറ്റ് ആം Rtn. ടി.പി. ഷാനവാസ് പ്രസിഡന്റിനെ കോളർ ചെയ്തു.

Rtn. പി. രാജൻ മേനോൻ റോട്ടറി ഇൻവൊക്കേഷനും ഫോർവേ ടെസ്റ്റും ചൊല്ലിക്കൊടുത്തു.

ജൂലൈ 28ന് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി നടത്തുന്ന ചിത്രരചനാ മത്സരത്തെക്കുറിച്ച് പ്രോഗ്രാം ചെയർമാൻ Rtn. ടി.സി. ബോസ് വിവരിച്ചു. പരിപാടിയുടെ വിജയത്തിനായി ജൂലൈ 15-ാം തിയ്യതി തിങ്കളാഴ്ച വൈകീട്ട് 8 മണിക്ക് ഒരു മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു.

ജൂലൈ 18ന് ശൃംഗപുരം ഗവ.എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഐ.ഡി.എ. കൊടുങ്ങല്ലൂർ മേഖലയുമായി ചേർന്ന് നടത്തുന്ന ദന്തപരിശോധനാക്യാമ്പിൽ കഴിയാവുന്ന മെമ്പർമാർ പങ്കെടുക്കണമെന്ന് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

ക്യാമ്പ് കോർഡിനേറ്റർ Rtn. ഡോ. അർജ്ജുൻ പ്രകാശിനെയും കൺവീനറായി Rtn. ഡോ. മഹേഷ് നാരായണനെയും ചുമതലപ്പെടുത്തി.

ജൂലൈ 13, 14 തിയ്യതികളിലായി നടക്കുന്ന ബാച്ച്ലർ ട്രിപ്പിൽ 14 അംഗങ്ങൾ ഉണ്ടായിരിക്കുമെന്നും എല്ലാ ഒരുക്കങ്ങളും വെറ്റിലപ്പാറയിലെ റൂട്ട് 15 എന്ന ഹോംസ്റ്റേയിൽ ചെയ്തിട്ടുണ്ടെന്നും ചെയർമാൻ Rtn. പി.എസ്. ശ്രീകുമാർ അറിയിച്ചു.

റോട്ടറി ഹാൾ നല്ല രീതിയിൽ പൊതുപരിപാടികൾക്ക് നൽകി വരുമാനം കൂട്ടുവാനും ഹാൾ ബുക്കിംഗിന്റെ കാര്യങ്ങൾ അപ്പപ്പോൾ അറിയിക്കുവാൻ ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. ചെയർമാൻ Rtn. കെ.പി. സോംകുമാർ, കൺവീനർ Rtn. ഇ.എസ്. രാജൻ എന്നിവരെ തിരഞ്ഞെടുത്തും.

ഹാൾബുക്കിംഗിന് പ്രത്യേക ബൈലോ തയ്യാറാക്കാനും അംഗങ്ങളുടെ ആവശ്യങ്ങൾക്ക് 50% ഡിസ്കൗണ്ട് നൽകുവാനും, അംഗങ്ങളുടെ പ്രത്യേക താല്പര്യാർത്ഥം വരുന്ന മറ്റ് പരിപാടികൾക്ക് 10% ഡിസ്കൗണ്ട് നൽകുവാനും തീരുമാനമെടുത്തു.

ആഗസ്റ്റ് 18 ഞായറാഴ്ച ഡിസ്ട്രിക്ട് മെമ്പർഷിപ്പ് സെമിനാർ കൊച്ചിയിൽ വെച്ച് നടക്കുന്നു. രണ്ടു പേർക്കുള്ള രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും കൂടുതൽ അംഗങ്ങൾ പങ്കെടുക്കുവാനുണ്ടെങ്കിൽ അറിയിക്കുവാനും പ്രസിഡന്റ് അഭ്യർത്ഥിച്ചു.




Rtn. K.P. Somkumar speaking about Hall bylaw



Attending the marriage function of Annet Dr. Navreen Haris

ക്ലബ്ബിലേക്ക് പുതിയ 2 മെമ്പർമാരെ മെമ്പർഷിപ്പ് ഡെവലപ്പ്മെന്റ് ചെയർ Rtn. എൻ.ആർ. രാജീവ്കുമാർ പരിചയപ്പെടുത്തി. ശ്രീ. ടി.പി. പ്രതാപൻ കഴിഞ്ഞ മീറ്റിംഗിൽ പങ്കെടുത്തു, ശ്രീ. ജിതിൻ തെക്കൂട്ട് അടുത്ത മീറ്റിംഗിൽ പങ്കെടുക്കും. രണ്ടുപേരെയും ക്ലബ്ബിൽ ചേർക്കുവാനായി തീരുമാനമെടുത്തു.

ക്ലബ്ബ് സ്പീക്കർ Rtn. സി.എസ്. മോഹനൻ സ്വർഗ്ഗക്കവാടത്തിലേക്കുള്ള താക്കോൽ എങ്ങിനെ സ്വായത്തമാക്കാമെന്ന് സംസാരിച്ചു.

ഏത് പ്രതിസന്ധിഘട്ടത്തിലും ആത്മധൈര്യം കൈവിടാതെ പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹം ചില കഥകളുടെ ഉദാഹരണത്തോടെ സമർത്ഥിച്ചു.

ജൂലൈ 12-ാം തിയ്യതിയിലെ മീറ്റിംഗിന്റെ ചോയ്സ് ഓഫ് ഫുഡ് Rtn. ീ. പി. രാജൻ മേനോൻ അതിഗംഭീരമായി നിർവ്വഹിച്ചു.

അടുത്ത ആഴ്ചയിലെ മീറ്റിംഗിലെ ഗസ്റ്റ് സ്പീക്കർ ശ്രീ. എസ്.എച്ച്. പ്രമോദ് പ്രഭു ചാർട്ടേഡ് അകൗണ്ടന്റ് ആയിരിക്കും. അദ്ദേഹം 'ബിസിനസ്സുകാർക്ക് ആവശ്യമുള്ള ഇൻകം ടാക്സ് നിർദ്ദേശങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം സംസാരിക്കുന്നതായിരിക്കും.

19-ാം തിയ്യതിയിലെ മീറ്റിംഗിന്റെ ഫുഡ് & ഫെല്ലോഷിപ്പ് പ്രസിഡന്റ് സ്പോൺസർ ചെയ്യുന്നതായിരിക്കും.

മീറ്റിംഗിൽ പങ്കെടുത്ത എല്ലാ മെമ്പർമാർക്കും സെക്രട്ടറി Rtn. എം.എ. ജോഷി നന്ദി രേഖപ്പെടുത്തി.

9.05ന് മീറ്റിംഗ് അവസാനിച്ചു.

Rtn. ടി.എൽ. സത്യൻ
പ്രസിഡന്റ്

Rtn. എം.എ. ജോഷി
സെക്രട്ടറി